**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3774** **12-03-2025 - ൽ മറുപടിയ്ക്ക്**

**നായകൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) |
| (എ) | വളർത്തുനായകൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളിൽ വളർത്തുനായകൾക്കും പൂച്ചകൾക്കും പേവിഷപ്രതിരോധ കത്തിവെയ്പുകൾ നൽകുന്നുണ്ട്. വാക്സിൻ സൗജന്യമായി നൽകുന്നു. ASCAD പദ്ധതിയിൽ ഉൾപ്പെടുത്തിയും പേവിഷപ്രതിരോധ വാക്സിൻ വകുപ്പിന്റെ വെറ്ററിനറി സ്ഥാപനങ്ങളിൽ വിതരണം ചെയ്യുന്നു.<br><br>സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷ പ്രതിരോധകുത്തിവെയ്പ് (Mass Dog Vaccination-2022) 2022 സെപ്റ്റംബർ മുതൽ നടത്തിവരുന്നു. ക്യാമ്പെയിൻ മോഡിൽ നടത്തുന്ന മാസ് ഡോഗ് വാക്സിനേഷന് ആവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. പ്രസ്തുത ക്യാമ്പിൽ കൊണ്ടു വരുന്ന വളർത്തുനായ്ക്കൾക്കും പൂച്ചകൾക്കും വാസ്കിനേഷൻ സൗജന്യമായി നൽകുന്നു. 2022 ൽ ആരംഭിച്ച് മാസ് ഡോഗ് വാക്സിനേഷൻ 2023 ലും പൂർത്തിയാക്കി. മാസ് ഡോഗ് വാക്സിനേഷൻ 2024 ആരംഭിയ്ക്കുന്നതിന്റെ ഭാഗമായി ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി, Awareness Vehicle ഫ്ലാഗ് ഓഫ് ചെയ്ത് ഉത്ഘാടനം നിർവഹിയ്ക്കുകയുണ്ടായി. പ്രസ്തുത വാഹനം തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ സഞ്ചരിച്ച് വാക്സിനേഷൻ നടത്തി വരുന്നു. |
| (ബി) | തെരുവുനായശല്യം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; തെരുവുനായ്ക്കൾക്കും പേവിഷ പ്രതിരോധ | (ബി) | സ്വീകരിയ്ക്കുന്നുണ്ട്.<br><br>സംസ്ഥാനത്ത് തെരുവുനായ നിയന്ത്രണത്തിനായി മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി എബിസി പദ്ധതി, മാസ് ഡോഗ് |

| | |
|---|---|
| കുത്തിവയ്പുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | വാക്സിനേഷൻ, IEC Programs എന്നിവ നടത്തി വരുന്നുണ്ട്.<br><br><u>ABC പദ്ധതി</u><br><br>മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി എബിസി പദ്ധതി നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, അറ്റൻഡന്റ് എന്നിവരെ നിയോഗിച്ചു കൊണ്ടും എബിസി പദ്ധതി നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ 13,121 എണ്ണം (31.01.2025 വരെ) തെരുവുനായ്ക്കളിൽ വന്ധീകരണം നടത്തിയിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 15 എബിസി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 15 എബിസി സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ചു വരുന്നുണ്ട്. എബിസി സെന്ററുകൾ തുടങ്ങുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ എബിസി സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എബിസി സെന്ററുകൾ കണ്ടെത്തുന്നതിന് പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടാകുന്ന സാഹചര്യത്തിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് കൊണ്ട് തിരുവനന്തപുരം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'പോർട്ടബിൾ എബിസി' സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് പോർട്ടബിൾ എബിസി യൂണിറ്റ് മൃഗസംരക്ഷണ വകുപ്പിന് കൈമാറി നൽകുകയും ആയത് ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഫണ്ട് വകയിരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോർട്ടബിൾ എബിസി യൂണിറ്റ് സ്ഥാപിച്ച് തെരുവുനായ്ക്കളുടെ എബിസി സർജറികൾ ചെയ്യാൻ കഴിയുന്നതാണ്.<br><br><u>മാസ് ഡോഗ് വാക്സിനേഷൻ-2022</u><br><br>സംസ്ഥാനം പേവിഷ വിമുക്തമാക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് തെരുവുനായ്ക്കളിലും വളർത്തുനായ്ക്കളിലും പേവിഷപ്രതിരോധകുത്തിവെയ്പ് |

(Mass Dog Vaccination-2022) 2022 സെപ്റ്റംബർ മുതൽ നടത്തിവരുന്നു. മാസ് ഡോഗ് വാക്സിനേഷന് ആവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് സൗജന്യമായി നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ചികിത്സാ സ്ഥാപനങ്ങളിൽ വളർത്തുനായകൾക്ക് സൗജന്യമായി വാക്സിൻ നൽകുന്നു. മാസ് ഡോഗ് വാക്സിനേഷൻ-2024 ന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ സഞ്ചരിക്കുന്ന മിഷൻ റാബീസിന്റെ Awareness Vehicle ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി 04.12.2024 ന് ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത വാഹനം തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ സഞ്ചരിച്ച് സ്കൂളുകൾ, കോളേജുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബോധവത്കരണ ക്ലാസ്സുകളും അതോടൊപ്പം തെരുവുനായകളിൽ വാക്സിനേഷനും നടത്തി വരുന്നു. മുൻ വർഷത്തിലേതിൽ നിന്നും വ്യത്യസ്തമായി (ക്യാമ്പെയിൻ മോഡ് മാറ്റി) ഒരു വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയായിട്ടാണ് മാസ് ഡോഗ് വാക്സിനേഷൻ 2024 ആരംഭിച്ചിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷത്തിൽ 67,035 എണ്ണം (31.01.2025 വരെ) തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ തെരുവുനായ്ക്കളിൽ വാക്സിനേഷൻ നടത്തുന്നതിനായി ‘Rabeis Free Trivandrum’ എന്ന പദ്ധതി 2023 മാർച്ച് 1 ന് ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചു. വളരെ വിജയകരമായ ഈ പദ്ധതി കൊല്ലം, കോട്ടയം ജില്ലകളിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ സംയുക്തമായി മിഷൻ റാബീസ് എന്ന സംഘടനയുടെ സഹകരണത്തോടെയാണ് ‘Rabeis Free Trivandrum’ പദ്ധതി നടപ്പിലാക്കുന്നത്. മിഷൻ റാബീസ് സൗജന്യമായിട്ടാണ് പദ്ധതിയിൽ പ്രവർത്തിക്കുന്നത്. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>ബോധവത്കരണ ക്ലാസ്സുകൾ</u>

സംസ്ഥാനത്ത് മിഷൻ റാബീസിന്റെ നേതൃത്വത്തിൽ 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സ്കൂളുകളിൽ

| | | | |
|---|---|---|---|
| | | | പേവിഷപ്രതിരോധപ്രവർത്തനവുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകുകയും ബോധവത്കരണ ക്ലാസ്സുകൾ നടത്തി വരുകയും ചെയ്യുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നായയുടെ കടിയേറ്റ് വരുന്നവർക്ക് വാക്സിനേഷൻ പൂർത്തിയാക്കുന്നതിനും പേവിഷപ്രതിരോധ മാർഗ്ഗത്തെ കുറിച്ചും ബോധവത്കരണം നടത്തുകയും Post Explosure Vaccination പൂർത്തിയാക്കുന്നുണ്ടോ എന്ന് നിരീക്ഷിയ്ക്കുകയും ചെയ്യുന്നു. റാബീസ് ബോധവത്കരണം സംബന്ധിച്ചുള്ള വിവരണം അഞ്ച്, ഏഴ് ക്ലാസ്സുകളിൽ പാഠ്യവിഷയമായി ഉൾപ്പെടുത്തുന്നതിന് സിലബസ് SCERT ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസ്-ന്റെ കീഴിൽ പേവിഷ പ്രതിരോധ ആന്റിബോഡി നിർണയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് അവിടെ ലഭ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പേവിഷ പ്രതിരോധ ആന്റിബോഡി ടൈറ്റർ നിർണ്ണയിയ്ക്കുവാൻ RFFIT (Rapid Fluorescent Focus Inhibition Test) സംവിധാനം ലഭ്യമാണ്. സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ ഈ സംവിധാനം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ മാത്രമാണ് നിലവിലുള്ളത്. പേവിഷ നിർണ്ണയത്തിനായി PCR (Polymerase Chain Reaction), LFT(Lateral Flow Test), FAT (Fluorescert Antibody Test) എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ